**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5640** **08-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം വളാഞ്ചേരിയിൽ വീടിനുള്ളിൽ യുവതിയെ പീഡിപ്പിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വളാഞ്ചേരിയിൽ വീടിനുള്ളിൽ അതിക്രമിച്ച് കയറി യുവതിയെ കൂട്ടബലാത്സംഗത്തിന് ഇരയാക്കിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംഭവത്തിൽ വളാഞ്ചേരി പോലീസ് സ്റ്റേഷൻ ക്രൈം.നമ്പർ 782/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തി മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. |
| (ബി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഇത്തരം കുറ്റ കൃത്യങ്ങളിൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിരഘട്ടങ്ങളിൽ പോലീസ് സഹായം ലഭിക്കുന്നതിന് പോലീസ് കൺട്രോൾറൂം (ERSS) ടോൾ ഫ്രീ നമ്പർ 112 സുരക്ഷാസംവിധാനം നിലവിലുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും രണ്ട് വനിതാ പോലീസ് ഓഫീസർമാരെ പോലീസ് സ്റ്റേഷൻ പരിധിയിലെ പഞ്ചായത്തുകളിൽ ബീറ്റ് ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. ടി സേനാംഗങ്ങൾ ആഴ്ചയിൽ ഒരു ദിവസം അതാത് പോലീസ് സ്റ്റേഷൻ പരിധികളിലെ പഞ്ചായത്തുകൾ സന്ദർശിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സ്വയം സുരക്ഷയ്ക്കായി self defence പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. സ്ത്രീകളുടെ പരാതി നേരിട്ട് സ്വീകരിച്ച് കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കുന്നതിനും മറ്റും എല്ലാ സ്റ്റേഷനുകളിലും നിർഭയ വോളണ്ടിയർമാരെ നിയമിച്ചിട്ടുണ്ട്. പൊതു സ്വകാര്യ സ്ഥലങ്ങളിലും, സ്വഭവനങ്ങളിലും സ്ത്രീരക്ഷ ഒരുക്കുന്നതിന് പിങ്ക് പോലീസ് പെട്രോളിംഗ് സംവിധാനവും പീഡനങ്ങൾക്ക് ഇരയാവുന്നവർക്ക് സംരക്ഷണവും സഹായവും ലഭ്യമാക്കുന്നതിനും മറ്റുമായി DCRC എന്ന Project പ്രകാരം പരാതികൾ സ്വീകരിച്ച് തീർപ്പാക്കി വരുന്നതും ബോധവൽക്കരണത്തിന്റെ ഭാഗമായി സ്കൂളുകൾ, |

| | | | |
|---|---|---|---|
| | | | കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ക്ലാസ്സുകൾ നടത്തിയും ഇക്കാര്യത്തിൽ കാര്യക്ഷമമായി ഇടപെട്ടു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ